**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507** **19-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വെ പ്രകാരം ഈ വർഷം ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പതിനഞ്ച് മുതൽ ഇരുപത്തിയൊൻപത് വയസ്സ വരെ പ്രായമുള്ളവരിലെ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതൽ കേരളത്തിലാണോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചെയ്യുന്നില്ല. അതിനാൽ തന്നെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്ര ശതമാനമാണെന്ന് ആധികാരിക വിവരം ലഭ്യമല്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാരും തൊഴിൽ-രഹിതരാകണമെന്നുമില്ല.<br><br>2023-2024 സാമ്പത്തിക വർഷം സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ **14,713** ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സചേഞ്ച് വഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ **37,390** പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കണക്കുകൾ പ്രകാരം ഇതേ കാലയളവിൽ സംസ്ഥാനത്തിലേയും ദേശീയതലത്തിലേയും തൊഴിലില്ലായ്മ നിരക്കുകൾ എത്ര വീതമാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചെയ്യുന്നില്ല. അതിനാൽ തന്നെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്ര ശതമാനമാണെന്ന് ആധികാരിക വിവരം ലഭ്യമല്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാരും തൊഴിൽ-രഹിതരാകണമെന്നുമില്ല.<br><br>2023-2024 സാമ്പത്തിക വർഷം സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ **14,713** ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ **37,390** പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (സി) | ഈ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയുടെ ഇരട്ടിയോളമാണോ; എങ്കിൽ സംസ്ഥാനത്തെ ഇത്രയും ഉയർന്ന നിരക്കിലുള്ള തൊഴിലില്ലായ്മയുടെ കാരണങ്ങൾ എന്തെല്ലാമാണ് എന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചെയ്യുന്നില്ല. അതിനാൽ തന്നെ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്ര ശതമാനമാണെന്ന് ആധികാരിക വിവരം ലഭ്യമല്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാരും തൊഴിൽ-രഹിതരാകണമെന്നുമില്ല.<br><br>2023-2024 സാമ്പത്തിക വർഷം സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ **14,713** ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സചേഞ്ച് വഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ **37,390** പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം ശരണ്യ, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, കെസ്റു, നവജീവൻ എന്നീ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അവസരം ലഭ്യമാണ്. ശരണ്യ, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, കെസ്റു, നവജീവൻ എന്നീ സ്വയം തൊഴിൽ പദ്ധതികൾ തുടർ പദ്ധതികളാണ്. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നു. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം.

ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് **കൈവല്യ.** ടി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്.

സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ വിദ്യാർത്ഥികൾക്കും, തൊഴിൽ രഹിതർക്കും അവരുടെ അഭിരുചിക്ക് അനുസരിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും, തൊഴിൽ നേടുന്നതിനും പ്രാപ്തരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോട് കൂടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് **കരിയർ ഡെവലപ്പ്മെന്റ് സെന്റർ.**

കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, മുതലായവ എല്ലാം വിശദമായി പരിശോധിച്ച് കോഴ്സുകൾ,

തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കോഴ്സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽ നിന്ന് നൽകുന്നു.

കൂടാതെ റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സര പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രീ ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും സെന്ററിൽ നിന്ന് നൽകുന്നു. എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള അവസരവും ഉദ്യോഗാർത്ഥികൾക്ക് നൽകുന്നു.

നിലവിൽ സംസ്ഥാനത്ത് 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളാണ് പ്രവർത്തിക്കുന്നത് കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി 2012 – 13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നത്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ പരിശീലനം നൽകി വരുന്നു. കൂടാതെ തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററിന്റെ കീഴിൽ

നാളിതുവരെ **2,18,220** ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ **1,62,777** പേരെ അസ്സസ്സ് ചെയുകയും **1,41,261** പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എംപ്ലോയബിലിറ്റി സെൻററിന്റെ ആഭിമുഖ്യത്തിൽ **3289** ജോബ് ഡ്രൈവ് നടത്തുകയും ആയതു വഴി **53,128** പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ സർവ്വീസുകളിലെ തൊഴിലുകൾ ഉദ്യോഗാർത്ഥികൾക്ക് നേടിയെടുക്കുന്നതിനായി സംസ്ഥാന വ്യാപകമായി മത്സര പരീക്ഷ പരിശീലനം സംഘടിപ്പിച്ച് ലഭ്യമായ തൊഴിലുകൾക്ക് അവരെ പ്രാപ്തരാക്കുകയും, കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലുകൾ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നതിന് സംസ്ഥാന വ്യാപകമായി നിയുക്തി മെഗാ ജോബ്ഫെയറുകൾ നടത്തി വരുന്നുണ്ട്. സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക, ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ എന്ന പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കി വരുന്നു. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുകയും ചെയ്യുന്നു.

Kavitha.T

**സെക്ഷൻ ഓഫീസർ**